**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6344** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഇരിങ്ങാം ചിറ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ, കുന്നത്തുനാട് ഗ്രാമപഞ്ചായത്തുകളിലെ 14 വാർഡുകളിലുള്ള നാല്പതിനായിരത്തോളം ആളുകൾക്ക് കുടിവെള്ളമെത്തിക്കുന്നതും ജലവിഭവ വകുപ്പിന്റെ തട്ടാമുകൾ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നതുമായ ഇരിങ്ങാം ചിറയുടെ നവീകരണത്തിനായി തയ്യാറാക്കിയ പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ മുഖ്യ ജല സ്രോതസ്സായ ഇരിങ്ങാംചിറയുടെ പല ഭാഗങ്ങളിലായി വശം കെട്ടിയത് ഇടിഞ്ഞുപോയിട്ടുണ്ട്. ചിറയുടെ ഇടിഞ്ഞ വശങ്ങളിൽ Dry Rubbles (DR) കെട്ടി ചിറയുടെ അതിർത്തി ചുറ്റും മതിൽ കെട്ടി സംരക്ഷിക്കേണ്ടതും ചിറയിലേയ്ക്ക് വരുന്ന റോഡിന്റെ ഇടിഞ്ഞ ഭാഗങ്ങൾ ഡി.ആർ സംരക്ഷണഭിത്തി കെട്ടേണ്ടതുമാണ്. പി.വി.ഐ.പി കനാലിൽ നിന്നും ചിറയിലേക്ക് വരുന്ന ലീഡിംഗ് ചാനലിന്റെ തുടർഭാഗങ്ങൾ നിർമ്മിക്കേണ്ടതും ചിറയിലേക്ക് റോഡിൽ നിന്ന് ഒഴുകി വരുന്ന വെള്ളം തോട്ടിലേക്ക് ഒഴുക്കുന്നതിനായി ഡ്രെയിനേജ് നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. ഇതിനായി “Rejuvenation of Iringanchira in Ward No.16 of Mazhuvannoor Grama panchayath" എന്ന പേരിൽ ഡി.എസ്.ആർ 2018 പ്രകാരം 96 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ